**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 824** | **09-08-2023 - ൽ മറുപടിയ്ക്ക്**

**പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേരള സഹകരണ സംഘം നിയമം 1969 ലെ വകുപ്പ് (4), (5), (6), (7), (8), ചട്ടം (3), (4), (7), (8), (15), എന്നിവ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. |
| (ബി) | രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാ മാനദണ്ഡങ്ങൾ, സമർപ്പിക്കേണ്ട രേഖകൾ തുടങ്ങിയവ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | കേരള സഹകരണ സംഘം നിയമം 1969 ലെ വകുപ്പ് 6, ചട്ടം (3) എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് രേഖകൾ സമർപ്പിക്കേണ്ടതാണ്.<br><br>ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നിശ്ചിത ഫാറത്തിൽ രജിസ്ട്രാർക്ക സമർപ്പിക്കേണ്ടതും സംഘത്തെ സംബന്ധിച്ച് രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റു വിവരങ്ങൾ അപേക്ഷകൻ നല്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കേണ്ടത് 1-ാം നമ്പർ ഫാറത്തിൽ രണ്ടാം പകർപ്പോടെ തയ്യാറാക്കി നിർദ്ദിഷ്ട സംഘത്തിന്റെ ഉപനിബന്ധനകളുടെ മൂന്നു പകർപ്പുകളും, സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതായ നിശ്ചിത രജിസ്ട്രേഷൻ ഫീസ് അടച്ച അസ്സൽ ചെലാനും, വ്യക്തികളാണ് അപേക്ഷകരെങ്കിൽ 25 -ൽ കുറയാതെ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയ അപേക്ഷയും സമർപ്പിക്കേണ്ടതാണ്. അപ്രകാരം സാക്ഷ്യപ്പെടുത്തിയ അംഗങ്ങളിൽ നിന്നും ഒരു ചീഫ് പ്രൊമോട്ടറെ തെരെഞ്ഞെടുക്കേണ്ടതുമാണ്.<br><br>നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ വരവു വച്ചിട്ടുള്ള തുക വിശദമാക്കുന്ന ബാങ്കിൽ നിന്നുള്ള അല്ലെങ്കിൽ ബാങ്കുകളിൽ നിന്നുള്ള നിക്ഷേപ ബാക്കി കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ്, ഓഹരി മൂലധനത്തിലേയ്ക്ക സംഭാവന ചെയ്തിട്ടുള്ള വ്യക്തികളുടെയും, അവർ ഓരോരുത്തരും നൽകിയ തുകയും, നൽകിയ പ്രവേശന ഫീസും ഉൾപ്പെടെയുള്ള പട്ടികയുടെ രണ്ടാം |

| | | | |
|---|---|---|---|
| | | | പകർപ്പ സഹിതം, നിർദ്ദിഷ്ട സംഘത്തിന്റെ സാമ്പത്തിക ഭദ്രത സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടെ ഉദ്ദേശിക്കുന്ന സംഘത്തിന്റെ വ്യാപാര പദ്ധതി, 3 വർഷത്തെ പ്രതീക്ഷിക്കുന്ന സാമ്പത്തിക വിശകലന റിപ്പോർട്ട്, രജിസ്ട്രാർ ആവശ്യപ്പെടുന്ന തരത്തിലുള്ള വിവരങ്ങളും ഇതര രേഖകളും സമർപ്പിക്കേണ്ടതാണ്. വിശദമായ ഉപരി പത്രം, സഹകരണ നിയമം വകുപ്പ് 6(5) ൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് ഫീസ് ഒടുക്കിയ അസ്സൽ ചെലാൻ എന്നിവ ബന്ധപ്പെട്ട താലൂക്ക് തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നേരിട്ടോ /രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തന്റെ ICDMS(Integrated Co-operative Department Management System) എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ലോഗിൻ ചെയ്ത് അപേക്ഷയുടെ കൃത്യതയും യോഗ്യതയും പരിശോധിക്കേണ്ടതാണ്. സഹകരണ നിയമം ചട്ടം 5 പ്രകാരം ഉപനിബന്ധനയിലെ വിഷയ വിവരം രേഖപ്പെടുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ